പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2278 — 15.07.2011 - ൽ മറുപടിക്ക്

## ദേശീയപാത പുനരധിവാസ പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എസ്.സുനിൽ കുമാർ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി.ഗീതാ ഗോപി | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊ.മരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ദേശീയ പാതയുടെ വികസനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ദേശീയ പാത എത്ര മീറ്ററായി വികസിപ്പിക്കാനുള്ള നടപടികളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) കേരളത്തിൽ ആകെയുള്ള 9 ദേശീയപാതകളിൽ എൻ.എച്ച്.47 സി, എൻ.എച്ച്. എ.ഐ. നേരിട്ട് നിർമ്മിക്കുന്നതും ബാക്കിയുള്ളവയിൽ എൻ.എച്ച്.47 എ ഒഴികെയുള്ളവ എൻ.എച്ച്.ഡി.പി.യിൽ ഉൾപ്പെടുത്തി വികസിപ്പിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നതുമാണ്. ഇതിൽ എൻ.എച്ച്.47 എൻ.എച്ച്.17 എന്നിവ 45 മീറ്റർ വീതിയിൽ 4 വരിപ്പാതയായി ബി.ഒ.റ്റി.യിലും എൻ.എച്ച്.49, 208, 212, 213, 220 എന്നിവ ഇ.പി.സി. വ്യവസ്ഥയിൽ പേവ്ഡ് ഷോൾഡറോട്ടുകൂടിയ 2 വരിപ്പാതയായും വികസിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എൻ.എച്ച്.17 -ൽ തലപ്പാടി മുതൽ കുറ്റിപ്പുറം വരെയുള്ള 293 കി.മീ. പണി അവാർഡ് ചെയ്തിട്ടുണ്ട്. കുറ്റിപ്പുറം മുതൽ ഇടപ്പള്ളി വരെയുള്ള 112 കി.മീ. ടെൻഡർ സ്റ്റേജിൽ ആണ്. എൻ.എച്ച്.47-ൽ വാളയാർ മുതൽ വടക്കാഞ്ചേരിവരെയുള്ള 55 കി.മീ. സ്ഥലം ഏറ്റെടുക്കൽ നടപടി പുരോഗമിക്കുന്നു. വടക്കാഞ്ചേരി മുതൽ തൃശ്ശൂർ വരെയുള്ള 28 കി.മീ |

6 വരിപ്പാതയാക്കൽ പണി തുടങ്ങിയിട്ടുണ്ട്. തൃശ്ശൂർ മുതൽ അങ്കമാലി വരെയുള്ള 40 കി.മീ. 4 വരിപാതയുടെ പണി പൂർത്തീകരിച്ചു കഴിഞ്ഞു. സർവ്വീസ് റോഡിന്റെ പണി നടന്നു വരുന്നു. അങ്കമാലി മുതൽ ഇടപ്പള്ളി വരെയുള്ള 25 കി.മീ. 4 വരിപ്പാത നേരത്തെ പൂർത്തീകരിച്ചിരുന്നു. എന്നാൽ ഇംപ്രൂവ്മെന്റ് ജോലികൾ തൃശ്ശൂർ അങ്കമാലി നാലുവരിപ്പാതയുടെ ഭാഗമായി നടക്കുന്നുണ്ട്. ഇടപ്പള്ളി മുതൽ അരൂർ വരെയുള്ള 16 കി.മീ. 4 വരിപ്പാതയാക്കൽ പൂർത്തിയായിട്ടുണ്ട്. അരൂർ മുതൽ ചേർത്തല വരെ 4 വരിപ്പാതയാക്കൽ നേരത്തെതന്നെ പൂർത്തീകരിച്ചിരുന്നു. ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള 169 കി.മീ. 45 മീറ്റർ വീതിയിൽ സ്ഥലമെടുപ്പ് പൂർത്തിയാകാത്തതിനാൽ തുടർ നടപടികൾ തടസ്സപ്പെട്ടിരിക്കയാണ്. കഴക്കൂട്ടം മുതൽ സ്റ്റേറ്റ് ബൗണ്ടറി വരെയുള്ള 43 കി.മീ. ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

(ബി) ദേശീയ പാത വികസനവുമായി ബന്ധപ്പെട്ട് സ്ഥലം നഷ്ടപ്പെടുന്നവർക്കായി പാക്കേജ് നിലവിലുണ്ടോ; ഈ പാക്കേജിലെ വ്യവസ്ഥകൾ എന്തായിരുന്നു;

(സി) പ്രസ്തുത പാക്കേജ് പരിഷ്ക്കരിക്കുന്നതിനുദ്ദേശി ക്കുന്നുണ്ടോ; എങ്കിൽ ആ പരിഷ്ക്കാരങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

(ബി) & (സി) 1956 -ലെ ദേശീയപാതാആക്ട് അനുസരിച്ച് നഷ്ടപ്പെടുന്ന ഭൂമിക്കും കെട്ടിടങ്ങൾക്കുമുള്ള നഷ്ടപരിഹാരമൊഴികെ മറ്റ് നഷ്ടപരിഹാര പാക്കേജുകളൊന്നും കേന്ദ്രസർക്കാരിന്റെ നയത്തിൽ നിലവിലില്ല. എന്നാൽ സംസ്ഥാന സർക്കാർ ദേശീയപാത വികസനം പ്രതികൂലമായി ബാധിക്കുന്ന എല്ലാ വിഭാഗം ജനങ്ങൾക്കും പ്രയോജനം ലഭിക്കത്തക്ക രീതിയിൽ സമഗ്രമായ ഒരു പുനരധിവാസ പാക്കേജ് കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നു. അതിൻപ്രകാരം ഏറ്റെടുക്കപ്പെടുന്ന ഭൂമിക്ക് പ്രഖ്യാപിച്ച കമ്പോളവില നൽകുക. വീടും വാണിജ്യ സ്ഥാപനങ്ങളും നഷ്ടപ്പെടുന്നവർക്ക് നഷ്ടപ്പെടുന്ന വസ്തുവിന്റെതൊട്ട് പിന്നിലെ വസ്തുവിൽ വീടുകളും വാണിജ്യ സ്ഥാപനങ്ങളും നിർമ്മിച്ച് പ്രശ്നരഹിതമായി സ്ഥല മേറ്റെടുപ്പ് പ്രക്രിയ നടത്തുക. ഇത് നടപ്പിലാക്കാൻ

കഴിയാത്ത ഭാഗത്ത് പ്രത്യേകമായി ഷോപ്പിംഗ് കോംപ്ലക്സ് /വീട് എന്നിവ നിർമ്മിച്ച് നൽകുക. സ്വന്തം ഭൂമിയിൽ ബിസിനസ് നടത്തുന്നവർക്ക് നടപ്പ് വർഷത്തെ റേറ്റ് ഷെഡ്യൂളും 25 ശതമാനവും കൂടി ചേർത്ത് കെട്ടിട വിലനിർണ്ണയി ക്കുകയും വസ്തുവിന് ജില്ലാതല ഉപദേശക കമ്മിറ്റി തീരുമാനിക്കുന്ന കമ്പോളവില നൽകുകയും ചെയ്യുക. വാടകയ്ക്ക് സ്ഥാപനങ്ങൾ നടത്തുന്നവർക്ക് നഷ്ടപ്പെടുന്ന വസ്തുവിന്റെ കമ്പോള വിലയുടെ 10 ശതമാനത്തിന് തുല്യമായ തുക നൽകുക. സ്ഥലമെടുപ്പ് കാരണം തൊഴിൽ രഹിതരാകുന്നവർക്ക് Industrial Dispute Act പ്രകാരമുള്ള നഷ്ട പരിഹാരം നൽകുക. സർക്കാർ പുറമ്പോക്ക് ഭൂമിയിൽ അനധികൃത മായി താമസിക്കുന്നവർക്കും ചെറിയകച്ചവടം നടത്തി ഉപജീവനം നടത്തുന്നവർക്കും പൊളിച്ചുമാറ്റപ്പെടുന്ന കെട്ടിടത്തിന്റെ വിലയും പുനരധിവാസ ത്തിനായി ഒരു ലക്ഷം രൂപയും നൽകുകയും തൊഴിൽ നഷ്ട പ്പെടുന്നവർക്ക് 5 മാസത്തേയ്ക്ക് നിയമം അനുശാസിക്കുന്ന മിനിമം വേതനവും നൽകുക. പൊളിച്ച് മാറ്റപ്പെടേണ്ടി വരുന്ന ആരാധനാലയ ങ്ങൾക്ക് പകരം അനുയോജ്യമായ സ്ഥലത്ത് അവ സർക്കാർ ചെലവിൽ നിർമ്മിച്ച് നൽകുക തുടങ്ങി സമഗ്രമായ ഒരു പുനരധിവാസ പാക്കേജാണ് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്ര സർക്കാർ പ്രസ്തുത പാക്കേജ് നിരസിച്ച സാഹചര്യത്തിൽ ഈ കാര്യത്തിൽ കൂടുതൽ ചർച്ചകൾ വിവിധതലങ്ങളിൽ നടത്തി വരികയാണ്.

**സെക്ഷൻ ഓഫീസർ**